"ഭരണഭാഷ മാതൃഭാഷ"

## കോളേജ് വിദ്യാഭ്യാസ വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് - അനദ്ധ്യാപക ജീവനക്കാര്യം - ശ്രീ രോഹിത്ത് ടി, ഓഫീസ് അറ്റന്റന്റ്- അന്തർജില്ലാ സ്ഥലംമാറ്റം നൽകി ഉത്തരവാകുന്നു .

---

ഉത്തരവ് നമ്പർ:C3/47244/2018/DCE (I)തിരുവനന്തപുരം | തീയതി:22.04.2022

---

*പരാമർശം:*-1) 11.11.2021 ലെ ശ്രീ രോഹിത്ത് ടി യുടെ അപേക്ഷ
2) 02.12.1991 ലെ ജി.ഒ (പി) 36/91/പി&എ.ആർ.ഡി നം സർക്കാർ ഉത്തരവ്

**ഉത്തരവ്**

എറണാകുളം മഹാരാജാസ് കോളേജിലെ ഓഫീസ് അറ്റന്റന്റ് ശ്രീ. രോഹിത്ത് ടി, ഓഫീസ് അറ്റന്റന്റ് തസ്തികയിൽ നിയമിക്കപ്പെട്ട ജില്ലയിൽ അഞ്ചു വർഷത്തെ കാലാവധി പൂർത്തിയാക്കിയിട്ടുണ്ടെന്നും തന്റെ ഹോം സ്റ്റേഷൻ ആയ കോഴിക്കോട് ജില്ലയിലേക്ക് അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കണമെന്ന് പരാമർശം (1) പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്. മേൽ സാഹചര്യത്തിൽ പരാമർശം (2) സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി കോഴിക്കോട് ഗവ: ആർട്സ് & സയൻസ് കോളേജിൽ നിലവിലുള്ള ഓഫീസ് അറ്റന്റന്റ് ഒഴിവിൽ അന്തർജില്ലാ സ്ഥലംമാറ്റം നൽകി ഉത്തരവാകുന്നു.

അന്തർജില്ലാ സ്ഥലംമാറ്റം നൽകുന്നത് മുഖേന ശ്രീ. രോഹിത്ത് ടി യ്ക്ക് പരാമർശം (2) സർക്കാർ ഉത്തരവ് പ്രകാരം ടിയാന്റെ മുൻഗണന നഷ്ടമാകുമെന്നും ടിയാന്റെ മുൻകാല സേവനം ഇൻക്രിമെൻറ്, ലീവ്, പെൻഷൻ എന്നിവയ്ക്ക് മാത്രമേ പരിഗണിക്കുകയുള്ളൂ എന്നുമുള്ള വ്യവസ്ഥകൾക്ക് ബാധകമായിരിക്കും. ടിയാൻ വിടുതൽ ചെയ്യുന്നതും ജോലിയിൽ പ്രവേശിക്കുന്നതുമായ വിവരങ്ങൾ സ്ഥാപനമേധാവികൾ യഥാസമയം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.

Approval Valid

Digitally Approved By
സജിത്ത് കെ.ഐ
Date: 22.04.2022
Reason: Approved

Sd/-
സജിത്ത് കെ.ഐ
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
0471-2303548
dir.colledn@kerala.gov.in

പകർപ്പ്,

1) പ്രിൻസിപ്പാൾ
മഹാരാജാസ് കോളേജ് എറണാകുളം
2) പ്രിൻസിപ്പൽ
ഗവ ആർട്സ് ആൻഡ് സയൻസ് കോളേജ്
കോഴിക്കോട്